

കത്തുകൾ

# മോഡി പോലീസിനോട് പറഞ്ഞത്

**ലോക** രാഷ്ട്രങ്ങൾക്കിടയിൽ ഭാരത നാട്ടിന്റെ നാണം കെടുത്തിയ, ഗുജറാത്ത് വംശഹത്യാ സൂത്രധാരൻ മോഡിക്ക് ക്ലീൻ ചിറ്റ് നൽകാനുള്ള ശ്രമം നടക്കുന്നു. മോഡിക്ക് വംശഹത്യയിലുള്ള പങ്ക് അന്വേഷിച്ച പ്രത്യേക അന്വേഷണ സംഘത്തിന്റെ റിപ്പോർട്ട് ചിലർ ചോർത്തിയത് അതിന്റെ ഭാഗമാണ്. റിപ്പോർട്ട് പരിഗണിക്കുന്നതിന് മുമ്പായി മോഡിയെ കുറ്റവിമുക്തനാക്കാൻ സുപ്രീം കോടതിയെ പ്രേരിപ്പിക്കുന്നതിനാണ് അന്വേഷണ കമീഷനുമായി ബന്ധപ്പെട്ട ചിലർ ഈ വഴിവിട്ട ചെയ്തിക്ക് തുനിഞ്ഞതെന്നാണ് നിയമ വൃത്തങ്ങൾ പറയുന്നത്. ഗുജറാത്ത് വംശഹത്യയിൽ മോഡിയുടെ പങ്കാളിത്തവുമായി ബന്ധപ്പെട്ട് പരാതി ബോധിപ്പിച്ചവർ ഉന്നയിച്ച വാദങ്ങളിൽ പകുതിയോളം അന്വേഷണ സംഘം സ്വീകരിച്ച പശ്ചാത്തലത്തിലാണിത്.

ഗുജറാത്ത് വംശഹത്യയിൽ നരേന്ദ്ര മോഡിയെ കുറ്റവിമുക്തനാക്കുന്നത് വീണ്ടുമൊരു കലാപത്തിന് പരവതാനി വിരിക്കുന്നതിന് തുല്യമാണെന്ന് ഗുജറാത്ത് മുൻ ഡി.ജി.പി ആർ.ബി ശ്രീകുമാർ ആശങ്കപ്പെടുന്നു. ബാബരി മസ്ജിദ്, ഗുജറാത്ത് കൂട്ടക്കൊല എന്നിവയ്ക്ക് ഉത്തരവാദികളായവരെ രക്ഷപ്പെടാൻ അനുവദിക്കുന്നത് രാജ്യത്തിന്റെ മതേതര സംവിധാനത്തിന് തന്നെ ഭീഷണിയാണെന്ന് അദ്ദേഹം താക്കീത് ചെയ്യുന്നു. മൂന്ന് ദിവസത്തേക്ക് ഹിന്ദുക്കളുടെ പ്രതികാരാഗ്നി കത്തിനിൽക്കുമെന്നും അതിൽ ഇടപെടേണ്ടെന്നുമുള്ള കർശന നിർദേശമാണ് ഗുജറാത്ത് ഭരണകൂടം പോലീസ് ഉദ്യോഗസ്ഥർക്ക് നൽകിയതെന്ന് സംഭവ കാലത്ത് ഡി.ജി.പിയായിരുന്ന ശ്രീകുമാർ, തിരുവനന്തപുരം പ്രസ്ക്ലബിന്റെ 'മീറ്റ് ദ പ്രസിൽ പങ്കെടുത്തുകൊണ്ട് പറയുകയുണ്ടായി.

നരേന്ദ്രമോഡി അന്ന് പോലീസിന് നൽകിയ നിർദേശം എന്തായിരുന്നുവെന്ന് *കേരളശബ്ദം* ലേഖകനോട് അന്നത്തെ ഡി.ജി.പി ശ്രീകുമാർ പറഞ്ഞതിങ്ങനെ: "ഹിന്ദു ജനതയെ സംബന്ധിച്ചേടത്തോളം ഏറ്റവും ദൗർഭാഗ്യകരവും വേദനാജനകവുമായ കാര്യമാണ് സംഭവിച്ചിരിക്കുന്നത്. സാധാരണ ഗതിയിൽ നിങ്ങൾ പോലീസുകാർ ഒരു വർഗീയ ലഹള പൊട്ടിപ്പുറപ്പെടുമ്പോൾ തുല്യമായി ഹിന്ദുക്കളെയും മുസ്‌ലിംകളെയും അറസ്റ്റ് ചെയ്യും. അതിവിടെ പറ്റില്ല. മൂന്ന് ദിവസത്തേക്ക് ഇവിടെ ഹിന്ദുക്കളുടെ പ്രതികാരാഗ്നി കത്തിപ്പടരും. നിങ്ങൾ ഇടപെടരുത്. ഇത് നിങ്ങളോട് പ്രത്യേകമായി ഞാൻ നിർദേശിക്കുയാണ്." (*കേരളശബ്ദം* 2008 ഒക്ടോബർ 19).

സിറ്റി പോലീസ് കമീഷണർ പി.സി പാണ്ഡെ, ഗോധ്ര സംഭവത്തിന് പ്രതികരണമായുണ്ടാകാനിടയുള്ള കലാപത്തെ അടിച്ചമർത്താൻ കീഴുദ്യോഗസ്ഥന്മാർക്ക് നിർദേശം നൽകിയതറിഞ്ഞ അന്ന് തന്നെ, പ്രശ്നം ചർച്ച ചെയ്യാൻ മുഖ്യമന്ത്രി അടിയന്തരമായി വിളിച്ചു കൂട്ടിയ യോഗത്തിൽ തന്റെ മുമ്പിലിരുന്ന ചീഫ് സെക്രട്ടറിയും ഹോം സെക്രട്ടറിയും ഡി.ജി.പിയും പോലീസ് കമീഷണറുമടക്കമുള്ളവരോടാണ് മോഡി ഇത് പറഞ്ഞതെന്ന് ഡി.ജി.പി ചൂണ്ടിക്കാണിക്കുന്നു.

"ഗോധ്രയിൽ മരിച്ച 59 പേരുടെയും മൃതദേഹങ്ങളും കത്തിയ ബോഗിയും അതേപടി കൊണ്ടുവന്ന് ഗുജറാത്തിലെ പ്രധാന നഗരങ്ങളിൽ പ്രദർശിപ്പിക്കണം" എന്ന മോഡിയുടെ ആവശ്യം, ഗോധ്ര കളക്ടർ ജയന്തിരവി ശക്തമായി എതിർത്തത് കൊണ്ട് ആ നീക്കം നടക്കാതെ പോയെന്നും ഡി.ജി.പി വെളിപ്പെടുത്തുകയുണ്ടായി.

ഡി.ജി.പി ശ്രീകുമാർ പറയുന്നു: "നഗരത്തിൽ മൃതദേഹങ്ങൾ പ്രദർശിപ്പിച്ചപ്പോൾ ഓരോ കേന്ദ്രത്തിലും പതിനായിരക്കണക്കിന് പേർ തടിച്ചു കൂടി. അവർ ഇസ്‌ലാമിനും മുസ്‌ലിംകൾക്കും എതിരെ രോഷം പൂണ്ട് പൊട്ടിത്തെറിച്ചു. അവർ മുസ്‌ലിംകളുടെ കടകൾക്കും വീടുകൾക്കും തീയിട്ടു. മുസ്‌ലിമാണെന്ന് തോന്നുന്നവരെ പിച്ചിച്ചീന്താനായി പാഞ്ഞുനടന്നു. എല്ലായിടത്തും പോലീസുകാർ കാഴ്ചക്കാരായിരു

## മാർക്സിസ്റ്റ് പാർട്ടി ആർജവം കാണിക്കുമെങ്കിൽ

**മദ്യവിപത്തിനെതിരെ** മാർക്സിസ്റ്റ് പോഷകസംഘടനകൾ നടത്തുന്ന കാമ്പയിൻ അവലോകനം ചെയ്തുകൊണ്ടുള്ള ലേഖനം വായിച്ചു. നാം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ സാമൂഹിക തിന്മ മദ്യമാണെന്ന കാര്യത്തിൽ ആർക്കും സംശയമുണ്ടാവാനിടയില്ല. സംഘടനാ ഭേദമില്ലാതെ എല്ലാവരും ഇറങ്ങിത്തിരിക്കേണ്ട ഒരു പോരാട്ട ഭൂമിയാണിത്. ആത്മാർഥതയോടെയാണ് ഈ കാമ്പയിനെങ്കിൽ സ്വാഗതം ചെയ്യപ്പെടേണ്ടത് തന്നെ. മറ്റു വല്ല രാഷ്ട്രീയ താൽപര്യങ്ങളുമാണ് ഇതിന് പിന്നിലെങ്കിൽ ഇവിടെ പ്രത്യേകിച്ചൊന്നും സംഭവിക്കാൻ പോകുന്നില്ല.

ഈ സാമൂഹിക തിന്മക്കെതിരെ നാട്ടിലെ സാമൂഹിക സാംസ്കാരിക സന്നദ്ധ സംഘടനകളും മതസംഘടനകളും നീണ്ട കാലമായി സമരമുഖത്താണ്. സർവ തിന്മകളുടെയും മാതാവായ മദ്യത്തെ തുരത്തേണ്ടത് ഓരോ പൗരന്റെയും ബാധ്യതയാണെന്ന് മനസ്സിലാക്കണം. ഇത് വളർന്നുവരുന്ന തലമുറയെ നശിപ്പിക്കും. ആയിരക്കണക്കിനാളുകളെ നിത്യരോഗികളാക്കും സ്ത്രീകളെ അരക്ഷിതാവസ്ഥയിൽ തള്ളുകയും വിധവകളാക്കുകയും ചെയ്യുന്നു. ആത്മഹത്യാ പ്രവണത വർധിക്കുന്നതിൽ മദ്യത്തിനുള്ള പങ്കും അന്വേഷിക്കേണ്ടതുണ്ട്. മാർക്സിസ്റ്റ് പാർട്ടി ആർജവത്തോടെ രംഗത്തിറങ്ങുമെങ്കിൽ ഇതൊരു ജനകീയ സമരമായി മാറുമെന്ന് ഉറപ്പ്.

**നേമം താജുദ്ദീൻ**

ന്നു. ജീപ്പ് നിർത്തി അവരിൽ പലരോടും ഞാൻ ചോദിച്ചു: "അക്രമം കണ്ടു നിൽക്കുകയാണോ നിങ്ങൾ?" അവർ പറഞ്ഞു: "സർ, ഞങ്ങൾക്ക് ഓർഡർ കിട്ടിയിട്ടില്ല." വൈകിയപ്പോൾ, അക്രമാസക്തരായ ജനക്കൂട്ടം മുസ്‌ലിംകൾ തിങ്ങിപ്പാർക്കുന്ന കോളനികളിലേക്ക് ഇരച്ചു കയറുകയായിരുന്നു. പ്രാണൻ രക്ഷിക്കാൻ വീട്ടുകാർ വാതിലടച്ചു അകത്തിരുന്നു. അടഞ്ഞു കിടന്ന വാതിലുകൾക്ക് മുമ്പിൽ പാചക വാതക സിലിണ്ടറുകൾക്ക് തീകൊളുത്തി സ്ഫോടനങ്ങൾ നടത്തി. ഇത്തരം ഒരു ഹീന കൃത്യത്തിന് നിർദേശം നൽകിയതറിഞ്ഞുകൊണ്ട് എരിതീയിൽ എണ്ണയൊഴിച്ച ഭരണത്തലവൻ കുറ്റവാളിയല്ലെന്ന് ആർക്കാണ് പറയാൻ കഴിയുക?" (*കേരളശബ്ദം*).

'ഗോധ്ര ഒരു ഗൂഢാലോചനയുടെ സൃഷ്ടിയാക്കണം എന്നതായിരുന്നു നരേന്ദ്രമോഡിയുടെ തുടക്കം മുതലുള്ള ആവശ്യമെന്നും അതിനാലാണ് ഗോധ്രസംഭവത്തെക്കുറിച്ചുള്ള അന്വേഷണ റിപ്പോർട്ട് വരും മുമ്പെ ജസ്റ്റിസ് നാനാവതിയെക്കൊണ്ട് തിരക്ക് പിടിച്ച് സംഭവം ഗൂഢാലോചനയാണെന്ന നിലയിൽ ഒരു റിപ്പോർട്ട് നിയമസഭയുടെ മേശപ്പുറത്ത് വെയ്പിച്ചതെന്നും ശ്രീകുമാർ പറയുന്നു. പുറമേ നിന്ന് തീയോ പെട്രോളോ വന്നിട്ടില്ലെന്നും, അകത്ത് നിന്നുണ്ടായ അത്യാഹിതമാണ് ദുരന്തത്തിനിടവരുത്തിയതെന്നും ജസ്റ്റിസ് ബാനർജി റിപ്പോർട്ട് ചെയ്തിരുന്നു. "പുറമെ നിന്ന് കോച്ചിലേക്ക് പെട്രോളൊഴിച്ച് തീ കൊടുക്കുക അസാധ്യം" എന്ന ഗുജറാത്ത് സർക്കാറിന്റെ ഫോറൻസിക് സയൻസ് ലബോറട്ടറി റിപ്പോർട്ടും ഇവിടെ അനുസ്മരണീയമാണ്.'

ട്രെയിൻ കത്തിയത് കർസേവകരെ കൂട്ടക്കൊല ചെയ്യാൻ മുസ്‌ലിംകൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടത്തിയതാണ് എന്ന് നരേന്ദ്രമോഡിക്ക് സ്ഥാപിക്കണം. എങ്കിലേ അതിനെ തുടർന്നു നടന്ന വംശഹത്യ ഒരു പ്രതിപ്രവർത്തനം ആയിരുന്നു എന്ന് ന്യായീകരിക്കാൻ കഴിയുകയുള്ളൂ. പ്രസിദ്ധ നടിയും രാജ്യസഭാംഗവുമായ ശബാന ആസ്മി, 'കൂട്ടക്കൊലപാതകി' എന്നാണ് മോഡിയെ വിശേഷിപ്പിച്ചത്. ഗോധ്രയിൽ രാം സേവകർ കൊല്ലപ്പെട്ടതിന്റെ പ്രത്യാഘാതങ്ങളാണ് പിന്നീട് കണ്ട നരഹത്യകൾ എന്ന് ന്യൂട്ടന്റെ മൂന്നാമത്തെ സിദ്ധാന്തം ഉദ്ധരിച്ചുകൊണ്ട് മോഡി വിളിച്ചു പറഞ്ഞതോർമയില്ലേ? "ഇത് വെറുമൊരു വർഗീയ കലാപം മാത്രമായിരുന്നില്ല; ജനക്കൂട്ടത്തിന്റെ ഒരു വൻ പ്രക്ഷോഭം തന്നെയായിരുന്നു"വെന്ന് *ഇന്ത്യാടുഡെ* ലേഖകന് അനുവദിച്ച അഭിമുഖത്തിൽ ഒരു കൂസലുമില്ലാതെ മോഡി പറയുകയുണ്ടായി. ഗുജറാത്ത് വംശഹത്യയിൽ നരേന്ദ്രമോഡിയുടെ അനിഷേധ്യമായ പങ്ക് *മാതൃഭൂമി* വരച്ചു കാട്ടുന്നതിങ്ങനെ: "അക്രമ സംഭവങ്ങളെ ന്യൂട്ടന്റെ നിയമം ഉപയോഗിച്ച് ന്യായീകരിക്കാൻ മോഡി നടത്തിയ ശ്രമം ഒരു മുഖ്യമന്ത്രിക്ക് ചേർന്നതായില്ല. തന്നിൽനിന്ന് അത്തരം പരാമർശങ്ങൾ ഉണ്ടാവുന്നത് അക്രമികൾക്ക് പ്രോത്സാഹനമാകുമെന്ന് മനസ്സിലാക്കാൻ കഴിഞ്ഞില്ലെന്നത് കഷ്ടമായി. മോഡിയുടെ പക്ഷപാതപരമായ നിലപാടും പരക്കെ ആക്ഷേപം ഉയർത്തിയിട്ടുണ്ട്. കേന്ദ്രസർക്കാറിന് മാത്രമല്ല, രാഷ്ട്രത്തിന്റെ യശസ്സിനാകെ കളങ്കം ചാർത്തിയ നരേന്ദ്രമോഡിക്ക് ഗുജറാത്ത് മുഖ്യമന്ത്രി സ്ഥാനത്ത് തുടരാൻ ധാർമികമായി അർഹതയില്ല" (*മാതൃഭൂമി* മുഖപ്രസംഗം 2002 മാർച്ച് 13)

മുൻ കോൺഗ്രസ് എം.പിയായ ജാഫറി, അഹമ്മദാബാദിലെ വീട്ടിലിരുന്ന് ഉന്നത പോലീസ് ഉദ്യോഗസ്ഥരെ ഫോണിൽ വിളിച്ച് രക്ഷിക്കണേയെന്ന് അപേക്ഷിച്ച് മണിക്കൂറുകൾ കഴിഞ്ഞാണ് കൊല നടന്നത്. "തെരുവുകളുടെ നിയന്ത്രണം അക്രമികൾ കൈയടക്കിയപ്പോൾ പോലീസ് കാഴ്ചക്കാരായി. സ്ത്രീകളെയും കുട്ടികളെയും അക്രമികൾ തീവെച്ചു കൊന്നു." (*മാതൃഭൂമി* മുഖപ്രസംഗം മാർച്ച് 13). പോലീസിന്റെ ഈ കൊടുംക്രൂര ചെയ്തികളെക്കുറിച്ച് ഗുജറാത്ത് മുഖ്യന്റെ പ്രതികരണം "പോലീസിന്റെ പ്രവർത്തനത്തിൽ എനിക്ക് പരിപൂർണ സംതൃപ്തിയാണുള്ളത്" എന്നായിരുന്നു!

വി.എച്ച്.പിയുടെ പ്രവീൺ തൊഗാഡിയയും ബി.ജെ.പിയുടെ നരേന്ദ്രമോഡിയും പ്രതിനിധാനം ചെയ്യുന്ന അന്യമതവിദ്വേഷത്തിന്റെ തത്ത്വശാസ്ത്രം രാജ്യത്തിന് എന്തുമാത്രം ഭീഷണിയായിരിക്കും? *മാതൃഭൂമി* തന്നെ പറയട്ടെ: "ഭൂരിപക്ഷ സമുദായത്തിൽ പെട്ടവർക്ക് ഇതര സമുദായങ്ങളിൽ പെട്ടവരോട് വെറുപ്പുണ്ടാകാൻ വേണ്ടി എന്തുപറയാനും പ്രവർത്തിക്കാനും അറപ്പില്ലാത്ത ഇത്തരം നേതാക്കൾ രാജ്യത്തിന്റെ ഐക്യത്തിന് ഭീഷണിയായിരിക്കും. ജനങ്ങൾ ഒരുമയോടെ കഴിയുന്ന ഭാരതഭൂമിയിൽ അശാന്തിയുടെയും വിദ്വേഷത്തിന്റെയും വിഷവിത്തുകൾ വിതക്കാനാണ് അവരുടെ നീക്കം." (*മാതൃഭൂമി* മുഖപ്രസംഗം 31-12-2002)

**റഹ്മാൻ മധുരക്കുഴി**

# ചാനലുകൾ അന്ധവിശ്വാസം പരത്തുന്നു

**ഉപഭോക്താക്കളെ** ഏറ്റവും സ്വാധീനിക്കാൻ കഴിയുന്ന മാധ്യമമെന്ന നിലയിൽ ഈ മേഖലയിൽ പ്രവർത്തിക്കുന്ന മാഫിയകൾ ചാനലുകളെ ഉപയോഗപ്പെടുത്തുന്നത് വ്യാപകമായിരിക്കുകയാണ്. റിയാലിറ്റി ഷോകളിലൂടെ ജനങ്ങളെ കബളിപ്പിച്ച് പണം തട്ടുന്നത് കൂടാതെയാണ് പുതിയ മേഖല കൂടി ചാനലുകാർ കണ്ടെത്തിയിരിക്കുന്നത്. ലോട്ടറി, മന്ത്രങ്ങൾ, എസ്.എം.എസ്സുകൾ തുടങ്ങിയ പുതിയ തട്ടിപ്പിന്റെ വിഹാര കേന്ദ്രങ്ങളാണ് ഇന്ന് ചാനലുകൾ. പണമുണ്ടാക്കാൻ ഏതറ്റം വരെയും പോകുന്ന മുതലാളിമാരും അവർക്ക് കുഴലൂതുന്ന അവതാരകരും ചേർന്ന മാഫിയയക്കിടയിൽ മൂല്യമുള്ള പരിപാടികൾക്ക് ഒരു വിലയുമില്ല. അത്തരം പരിപാടികൾക്ക് സ്പോൺസർമാരെ പോലും കിട്ടില്ല. ഖുർആൻ മുഴുവൻ മനഃപാഠമാക്കിയ മൗലവിമാർ പോലും യഥാർഥ വിശ്വാസം പ്രചരിപ്പിക്കുന്നതിനു പകരം തികഞ്ഞ അന്ധവിശ്വാസങ്ങൾ പ്രചരിപ്പിക്കുകയും തങ്ങൾ ചുട്ടെടുത്ത ഗ്രന്ഥങ്ങൾ പ്രചരിപ്പിക്കുകയും അതുമൂലം ലഭിക്കുന്ന സാമ്പത്തിക നേട്ടത്തിനായി ചാനലുകൾക്കൊത്ത് തുള്ളുകയും ചെയ്യുന്ന കാഴ്ചകയാണ് സമൂഹത്തിൽ കാണാൻ കഴിയുന്നത്. ഇവരുടെയെല്ലാം കൺകണ്ട ദൈവങ്ങൾ പണമാണ്. അവർ പൂജിക്കുന്നതും പണത്തെയാണ്. അതില്ലാതെ ജീവിക്കാൻ കഴിയാത്തവർക്ക് യഥാർഥ ദൈവത്തെ തിരിച്ചറിയാൻ കഴിയാത്തത്ര അന്ധത ബാധിച്ചിരിക്കുന്നു. കണ്ണുകൾക്കല്ല മനസുകൾക്കാണ് അന്ധത. സമൂഹത്തെ നേർവഴിക്കു നയിക്കേണ്ട, സാംസ്കാരിക നായകരെന്ന് സ്വയം വിശേഷിപ്പിക്കുന്നവർ പോലും കണ്ണടച്ച് ഇരുട്ടാക്കുകയാണ്. ചാനൽ ചർച്ചകളിൽ പങ്കെടുത്ത് കിട്ടുന്ന ഭൗതിക നേട്ടങ്ങൾ നഷ്ടപ്പെടുത്തിയുള്ള ഏർപ്പാടിന് ആരും തയാറല്ല. ആഗോള സാമ്പത്തിക ഭീകരന്മാർക്ക് സംസ്കാരവും മൂല്യങ്ങളും ചാനലോട് കൂടി വിൽക്കുന്നവരും, ഒറ്റക്കണ്ണിനാൽ പാർട്ടിക്കാരുടെ നല്ലതും മറ്റുള്ളവരുടെ ചീത്തയും വിളിച്ചു പറയുന്നവരുമാണ് നമുക്ക് മുന്നിലുള്ളത്. മാനുഷിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന, സമൂഹത്തോട് പ്രതിബദ്ധതയുള്ള ദൃശ്യമാധ്യമങ്ങൾ നമ്മുടെ സമൂഹത്തിൽ ഉണ്ടായി വരേണ്ടിയിരിക്കുന്നു.

**സലീംനൂർ ഒരുമനയൂർ**

# അപരവൽകരണത്തിന്റെ പുതിയ രീതികൾ

**എൻഡോസൾഫാൻ** വിരുദ്ധ സമരവുമായി ബന്ധപ്പെട്ട് സോളിഡാരിറ്റി ദേശീയ തലത്തിൽ നടത്തിയ പാർലമെന്റ് മാർച്ച്, പത്രസമ്മേളനം, മനുഷ്യാവകാശ കമീഷൻ ചെയർമാൻ, രാഹുൽഗാന്ധി എന്നിവരുമായുള്ള ചർച്ചയും നിവേദനം നൽകലും, ഇരകൾ തന്നെ ദുരനുഭവങ്ങൾ പങ്ക് വെച്ചതുമെല്ലാം സോളിഡാരിറ്റിയുടെ സമര ചരിത്രത്തിലെ അവിസ്മരണീയമായ നാഴികക്കല്ല് തന്നെ. എന്നാൽ ഈ ചരിത്ര സമരത്തെ കേരളത്തിലെ മുഖ്യധാരാ പത്ര-ദൃശ്യമാധ്യമങ്ങൾ എങ്ങനെ സമീപിച്ചുവെന്ന് പരിശോധിക്കപ്പെടേണ്ടതാണ്. പതിവ് പോലെ ദൃശ്യമാധ്യമങ്ങൾ ഇതിനെ അവഗണിച്ചു. ഇന്ത്യാവിഷൻ ദൃശ്യങ്ങൾ കാണിച്ചെങ്കിലും 'സോളിഡാരിറ്റി' എന്ന പദം ഉച്ചരിക്കാൻ ബോധപൂർവം മടിച്ചു. മറ്റു ഇടതു-വലതു പക്ഷ ചാനലുകളും മേധാ പട്ക്കർ പങ്കെടുത്ത പരിപാടി അവഗണിച്ചു. ഇതേ വിഷയവുമായി പത്രപ്രവർത്തക യൂനിയൻ ദൽഹിയിൽ നടത്തിയ, മേധാപട്ക്കർ പങ്കെടുത്ത പരിപാടി എല്ലാ ചാനലുകളും പ്രാധാന്യത്തോടെ കാണിച്ചു. സമരങ്ങൾക്കും സേവനങ്ങൾക്കും ഇസ്‌ലാമിക സ്വത്വത്തിന്റെ പിൻബലമാണുള്ളതെങ്കിൽ അത് തമസ്കരിക്കപ്പെടുന്ന പ്രവണതയും സമുദായവുമായി ബന്ധപ്പെട്ട നിഷേധ പ്രവണതകൾ പ്രൊജക്ട് ചെയ്യുന്ന മീഡിയയുടെ അരങ്ങിന് പിറകിലെ കളികളും സ്കാൻ ചെയ്യപ്പെടേണ്ടതുണ്ട്. തെഹൽക ലേഖിക ഷാഹിന കർണാടക പോലീസിനാൽ അറസ്റ്റ് ചെയ്യപ്പെട്ടത് നമ്മുടെ പത്ര-ദൃശ്യ മാധ്യമങ്ങളിൽ വെറും വാർത്തയായി ഒതുങ്ങി. അതിലെ മനുഷ്യാവകാശ ധ്വംസനത്തെ കുറിച്ചോ മീഡിയ സ്വാതന്ത്ര്യത്തെ കുറിച്ചോ ചർച്ച ചെയ്യാൻ പലരെയും കണ്ടില്ല. അതേസമയം അങ്ങകലെ വിക്കിലീക്സ് സ്ഥാപകൻ ജൂലിയൻ അസാൻജെ അറസ്റ്റ് ചെയ്യപ്പെട്ടത് മിക്ക ചാനലുകൾക്കും പാനൽ ഡിസ്കഷനും ഫോൺ ഇൻ പരിപാടിക്കും അവസരമൊരുക്കി. സോളിഡാരിറ്റിയുടെ പരിപാടിയിൽ പങ്കെടുത്തതിന്റെ കാരണത്തെക്കുറിച്ച് പി. കരുണാകരൻ എം.പി വിശദീകരിക്കേണ്ടി വരുന്ന ഗതികേട് നമ്മുടെ കേരളീയ രാഷ്ട്രീയ പരിസരം എത്ര മലിനീകരിക്കപ്പെട്ടു എന്നതിന് തെളിവാണ്. നിലവിൽ എൻഡോസൾഫാനെതിരെ മിണ്ടാത്ത ഒരു സംഘടനയും ഇല്ല. പക്ഷേ, ഇവർക്കെല്ലാം മന്ത്രി കെ.വി തോമസിന്റെ എൻഡോസൾഫാൻ അനുകൂല പ്രസ്താവന വേണ്ടി വന്നു സമരരംഗത്തിറങ്ങാൻ. പ്രശ്നം തികച്ചും രാഷ്ട്രീയം. വർഷങ്ങൾക്ക് മുമ്പ് തന്നെ, ഒരു സങ്കുചിത ചിന്തയും തൊട്ട് തീണ്ടാതെ രംഗത്തിറങ്ങിയ സോളിഡാരിറ്റിക്ക് ഈ കാര്യത്തിൽ തലയുയർത്തി അഭിമാനിക്കാം. ആരും പരിഗണിച്ചിട്ടില്ലെങ്കിലും സമുദായത്തിന്റെ സാമൂഹിക-സാംസ്കാരിക-വിദ്യാഭ്യാസ രംഗങ്ങളിലെ ബോധപൂർവമായ ഇടപെടലുകളെ തമസ്കരിച്ചുള്ള ഈ അപരവൽക്കരണം തുറന്ന് കാണിക്കാൻ പ്രബോധനം പ്രത്യേക പംക്തി തന്നെ ആരംഭിക്കേണ്ടതാണ്. പലതും മറന്ന് പോകുന്ന 'ഖൈറു ഉമ്മ'ത്തിന് അതൊരു ഉണർത്തു പാട്ടാകും, തീർച്ച. സമുദായത്തിന്റെ മറവിയാണല്ലോ അണിയറയിലെ കളിക്കാർക്ക് പ്രചോദനമാകുന്നത്.

**വി. ഹശ്ഹാശ് കണ്ണൂർ സിറ്റി**

# ഹിജ്റയിലെ പാഠങ്ങൾ

**'യുഗപ്പിറവിയുടെ** വിളംബരം' എന്ന സദ്റുദ്ദീൻ വാഴക്കാടിന്റെ ഹിജ്റയെക്കുറിച്ചുള്ള ലേഖനം പാനാർഹമായി. ഹിജ്റയുടെ വിവിധ വശങ്ങളും ചരിത്ര സംഭവങ്ങളും പുതിയ ലോകത്തെ ഇസ്‌ലാമിക നവോത്ഥാനത്തിന് അത് നൽകുന്ന പ്രചോദനവുമെല്ലാം യുക്തിപൂർവം വിവരിച്ചിട്ടുണ്ട്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് നടത്തിയ കൊച്ചു കൊച്ചു ഹിജ്റകൾ ഇസ്‌ലാമിക പ്രബോധന രംഗത്ത് നൽകിയ സംഭാവനകൾ ഏറെയാണ്. അത് കൂടുതൽ പഠനത്തിന് വിഷയമാക്കേണ്ടതുണ്ട്.

**കുഞ്ഞബ്ദുല്ല കോറോത്ത്**

# വിൽക്കപ്പെടുന്ന വാർത്തകൾ

**മീഡിയ** മൂല്യങ്ങളും ധർമങ്ങളും വഴിയിൽ ഉപേക്ഷിച്ച് കടന്നുപോവുകയാണ്. ചില താൽപര്യങ്ങൾക്കുവേണ്ടി വാർത്തകൾ ചമച്ചുണ്ടാക്കുന്ന മാധ്യമ പ്രവർത്തകർ അരങ്ങു തകർക്കുകയാണിവിടെ. കോർപറേറ്റ് ഭീമന്മാരുടെയും രാഷ്ട്രീയ പാർട്ടികളുടെയും താൽപര്യങ്ങൾക്കുവേണ്ടി അവർ തങ്ങളുടെ സത്യസന്ധതയെ വിറ്റുകൊണ്ടിരിക്കുന്നു. ഭാരതത്തിന്റെ പൊതുഖജനാവിന് കോടികളുടെ നഷ്ടം വരുത്തിവെച്ച, സമീപകാല സംഭവവികാസങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്ന സ്പെക്ട്രം അഴിമതിയുടെ ഉള്ളുകള്ളികൾ പുറത്തുവന്നപ്പോൾ മാധ്യമങ്ങൾ എങ്ങനെയാണ് തങ്ങളുടെ ധാർമിക മൂല്യങ്ങൾ വിറ്റതെന്ന് കാണാൻ കഴിഞ്ഞു. കോർപറേറ്റ് മുതലാളിമാരുടെ അടുക്കള നിരങ്ങികളായി പല മാധ്യമ പ്രവർത്തകരും മാറി. ഒരു സംസ്കാരം തന്നെ ചിതലരിക്കുന്ന കാഴ്ചയാണിതിലൂടെ നമുക്ക് മുന്നിൽ തെളിഞ്ഞത്. പക്ഷേ, ചില ഗോപീകൃഷ്ണൻമാരും ശാഹിനമാരുമൊക്കെയുണ്ടെന്നുള്ളതാണ് അപവാദം. അവർ പലരുടെയും കണ്ണിലെ കരടായിത്തീർന്നു. മഅ്ദനി കേസിന്റെ അകക്കളികളുടെ യാഥാർഥ്യം പുറത്തുകൊണ്ടുവരാൻ ശ്രമിച്ചപ്പോൾ ഷാഹിന പോലീസ് മേധാവികളുടെ കണ്ണിൽ സാക്ഷികളെ 'ഭീഷണി'പ്പെടുത്തിയവളായി മാറി!

**ബി. നിഹാസ്**
**ആലിയകോളേജ് കാസർകോഡ്**